(ബി) മുഖ്യമന്ത്രി മുൻകൈ എടുത്ത് യോഗം വിളിച്ചുചേർത്തിരുന്നു. 17-9-1996-ൽ ആയിരുന്നു യോഗം വിളിച്ചുചേർത്തിരുന്നത്. പ്രസ്തുത യോഗത്തിൽ എസ്.ബി.ഐ. അതിന്റെ വായ്പാനിക്ഷേപ അനുപാതം 1997 മാർച്ച് അവസാനത്തോടെ 50 ശതമാനമായി ഉയർത്താമെന്നും എസ്.ബി.ടി. മുൻഗണനാ വിഭാഗങ്ങൾക്കുള്ള വായ്പ വർദ്ധിപ്പിക്കാമെന്നും കാനറാ ബാങ്ക് 1996-97 മുതൽ മൂന്ന് വർഷത്തേക്ക് ഓരോ വർഷവും 10 ശതമാനം നിരക്കിൽ വായ്പാ നിക്ഷേപ അനുപാതം വർദ്ധിപ്പിക്കാമെന്നും വാഗ്ദാനം നൽകിയിരുന്നു.

(സി) 1998 ഡിസംബറിലെ വായ്പാ നിക്ഷേപ അനുപാതം എസ്.ബി ഐ.യുടേത് 40.38 ശതമാനവും, എസ്.ബി.ടി.യുടേത് 42.43 ശതമാനവും, കാനറാ ബാങ്കിന്റേത് 39.28 ശതമാനവും ആണെന്ന് വിലയിരുത്തിയിരുന്നു.

(ഡി) അനുബന്ധമായി നൽകിയിരിക്കുന്നു.†

(ഇ) 1999 മാർച്ചിലെ കണക്ക് ലഭ്യമല്ല.

(എഫ്) പി.എം.ആർ.വൈ. പദ്ധതിപ്രകാരം 1998-99-ൽ 20,000 അഭ്യസ്തവിദ്യരായ യുവാക്കൾക്ക് വായ്പ നൽകാനാണ് ലക്ഷ്യമിട്ടിരുന്നത്. ഇതിൽ 10,082 പേർക്ക് മാത്രമേ വായ്പ അനുവദിച്ചിരുന്നുള്ളൂ. അനുവദിച്ചതിൽ 5,696 പേർക്ക് വായ്പ നൽകി.

(ജി) 3-7-99-ൽ ബാങ്കുകളുടെ കൺസോർഷ്യം കോഴിക്കോട് ഡീസൽ പ്രോജക്ടിനുവേണ്ടി 190 കോടി രൂപയുടെ വായ്പ ലഭ്യമാക്കാമെന്ന് ഇലക്ട്രിസിറ്റി ബോർഡിനെ അറിയിച്ചിട്ടുണ്ട്. ഈ 190 കോടി രൂപയിൽ 25 കോടി രൂപ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രായൻകൂറിന്റെ വിഹിതമാണ്. എന്നാൽ ഇതു നൽകിയതായി അറിവില്ല. വായ്പ സ്വീകരിക്കുന്നതിനെ സംബന്ധിച്ച അന്തിമ തീരുമാനമായിട്ടില്ല.

(എച്ച്) പൊതുമേഖലാ ബാങ്ക് അധികൃതരുമായി ചർച്ച നടത്തുകയും വായ്പാനിക്ഷേപാനുപാതം വർദ്ധിപ്പിക്കണമെന്ന് കർശനനിർദ്ദേശം നല്കുകയും ചെയ്തിട്ടുണ്ട്.

10 (3336) വാർഷിക കണക്കുകൾ സമർപ്പിക്കാത്ത പഞ്ചായത്തുകൾ

ശ്രീ. വി. ബാലറാം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണ പദ്ധതിപ്രകാരമുള്ള ചെലവിനങ്ങളുടെ വിനിയോഗ കാലാവധി നീട്ടിയതിനുശേഷം 1997-98 സാമ്പത്തികവർഷത്തെ കണക്കുകൾ 1998 ഒക്ടോബർ 31-നകം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് ഓഡിറ്റിനുവേണ്ടി നൽകിയിട്ടില്ലാത്ത ഗ്രാമപഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ഏതെല്ലാമാണ്;

(ബി) 1998 ഒക്ടോബർ 31-നകം ലഭിച്ച വാർഷിക കണക്കുകളുടെ അടിസ്ഥാനത്തിൽ എത്ര ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടേയും കോർപ്പറേഷൻ, മുനിസിപ്പാലിറ്റികളുടേയും ആഡിറ്റ് 1999 ജൂൺ മാസം വരെ

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പൂർത്തിയായിട്ടുണ്ട്; ഇത്തരം സ്ഥാപനങ്ങളുടെ എത്ര ഓഡിറ്റ് റിപ്പോർട്ടുകൾ പുറപ്പെടുവിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(സി) വാർഷിക കണക്കുകൾ 1998 ഒക്ടോബർ 31-ന് മുൻപായി സമർപ്പിക്കാത്ത ത്രിതല പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവർക്കുമെതിരെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടും ചട്ടങ്ങളും പ്രകാരം ഷോകാസ് നോട്ടീസ്, കോടതി മുഖേനയുള്ള നടപടികൾ തുടങ്ങിയ നടപടികളെന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദമാക്കുമോ;

(ഡി) നടപടികളൊന്നും സ്വീകരിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(ഇ) ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് 1997-98 വർഷത്തെ ഓഡിറ്റിൽ വെളിവായ ക്രമക്കേടുകളെ സംബന്ധിച്ച് ലോക്കൽ ഫണ്ട് ഡയറക്ടർ സർക്കാരിന് സ്പെഷ്യൽ റിപ്പോർട്ട് സമർപ്പിച്ചിരുന്നുവോ; എങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

(എ)-(ഇ)

ഇതുസംബന്ധിച്ചുള്ള ഉത്തരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിലെ വിവിധ സബ് ഓഫീസുകളിൽ നിന്നും ശേഖരിക്കേണ്ടിയിരിക്കുന്നതിനാൽ വിവരം ശേഖരിച്ചതിനു ശേഷം വിശദമായി മറുപടി സമർപ്പിക്കുന്നതാണ്.

11 (3337) **ധനകാര്യവകുപ്പിലെ ഉദ്യോഗസ്ഥർ**

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സാമ്പത്തിക മാനേജ്മെന്റ് നിർവ്വഹിക്കുന്ന സെക്രട്ടേറിയറ്റിലെ ധനകാര്യവകുപ്പിൽ ധനകാര്യ മാനേജ്മെന്റിൽ പ്രൊഫഷണൽ യോഗ്യതയുള്ള എത്ര ഉദ്യോഗസ്ഥരുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) പൊതുമേഖലാസ്ഥാപനങ്ങളുടെ ധനകാര്യ മാനേജ്മെന്റിന് പ്രൊഫഷണൽ യോഗ്യത നിയമപരമായും നിർബന്ധമായും അനുശാസിക്കെ, സംസ്ഥാനത്തിന്റെ സാമ്പത്തിക ഭാഗധേയം നിർണ്ണയിക്കുന്ന ധനകാര്യ വകുപ്പിൽ എ.സി.എ. / ഐ.സി.ഡബ്ല്യു.എ / ഐ.എം.ബി.എ. (ധനകാര്യം)/ സി.എഫ്.എ. ബിരുദങ്ങളുള്ളവരുടെ അഭാവം ഒരു ന്യൂനതയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സെക്രട്ടേറിയറ്റ് നിയമവകുപ്പിൽ ഉദ്യോഗസ്ഥന്മാർക്ക് എൽ.എൽ.ബി. അടിസ്ഥാനയോഗ്യത നിശ്ചയിച്ചിട്ടുള്ളതുപോലെ ധനകാര്യവകുപ്പിലെ ഉദ്യോഗസ്ഥന്മാർക്ക് മേൽപ്പറഞ്ഞ ബിരുദങ്ങൾ അടിസ്ഥാനയോഗ്യതയാക്കേണ്ടത് അത്യന്താപേക്ഷിതമാണെന്നുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ധനകാര്യ വകുപ്പിൽ അണ്ടർസെക്രട്ടറി മുതലുള്ള ഉദ്യോഗസ്ഥന്മാർക്ക് നിലവിലുള്ള വിദ്യാഭ്യാസ യോഗ്യതകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly